REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 30-12-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രമുഖ സാമ്പത്തിക വിദഗ്ധരുമായി ഇന്ന് നിതി ആയോഗിൽ കൂടിക്കാഴ്ച നടത്തും.
- ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങൾ ഭാവിയിലും നമ്മെ പ്രചോദിപ്പിക്കുമെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ.
- പുതിയ പൊലീസ് വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് നാളെ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവ്വഹിക്കും.
- മകരവിളക്ക് ഉത്സവത്തിനായി ശബരിമല നട വൈകിട്ട് തുറക്കും.
- ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി- 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തെയും, അവസാനത്തെയും മത്സരം വൈകിട്ട് തിരുവനന്തപുരത്ത്.

## വാർത്തകൾ വിശദമായി

കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രമുഖ സാമ്പത്തിക വിദഗ്ധരുമായി ഇന്ന് നിതി ആയോഗിൽ കൂടിക്കാഴ്ച നടത്തും. വിവിധ സാമ്പത്തിക വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന യോഗത്തിൽ ധനമന്ത്രി നിർമ്മല സീതാരാമനും പങ്കെടുക്കും. രാജ്യത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയെയും ഭാവി മുൻഗണനകളെയും കുറിച്ച് വിദഗ്ദ്ധരുടെ അഭിപ്രായങ്ങളും വിലയിരുത്തലുകളും യോഗത്തിൽ പങ്കുവെക്കും.

✪✪✪

നേതാജി സുഭാഷ് ചന്ദ്രബോസ് ആൻഡമാനിലെ പ്ലോട്ട്ബെയറിൽ ത്രിവർണ്ണ പതാക ഉയർത്തിയതിന്റെ 82-ാം വാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അദ്ദേഹത്തെ അനുസ്മരിച്ചു. 1943 ഡിസംബർ 30 നാണ് നേതാജി പോർട്ട്ബ്ലെയറിൽ ത്രിവർണ്ണ പതാകയുയർത്തിയത്. കേവലം അഭിലാഷത്തിലൂടെയല്ല, മറിച്ച് ശക്തി, കഠിനാധ്വാനം, നീതി, കൂട്ടായ ദൃഢനിശ്ചയം എന്നിവയിലൂടെയാണ് സ്വാതന്ത്ര്യം നേടിയെടുത്തതെന്നാണ് ചരിത്രത്തിലെ ഈ നിമിഷം രാഷ്ട്രത്തെ ഓർമ്മപ്പെടുത്തുന്നതെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമപോസ്റ്റിൽ കുറിച്ചു.

✪✪✪

ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങൾ ഭാവിയിലും നമ്മെ പ്രചോദിപ്പിക്കുമെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ പറഞ്ഞു. വർക്കലയിൽ 93-ാമത് ശിവഗിരി തീർത്ഥാടനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഐക്യത്തിന്റെ ജീവിക്കുന്ന ഉദാഹരണമാണ് ശിവഗിരി എന്ന് പറഞ്ഞ ഉപരാഷ്ട്രപതി, ആത്മീയ അന്വേഷണത്തിന്റെയും സാമൂഹിക സാമ്പത്തിക പുരോഗതിയുടെയും സമ്പൂർണ്ണ സംയോജനമാണ് ശിവഗിരി തീർത്ഥാടനമെന്നും അഭിപ്രായപ്പെട്ടു.

ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളാൻ അദ്ദേഹം ജനങ്ങളെ - പ്രത്യേകിച്ച് യുവാക്കളെ ആഹ്വാനം ചെയ്തു. ശ്രീനാരായണ ഗുരുവും ആദിശങ്കരനും ലോകത്തിന് കേരളം നൽകിയ ഏറ്റവും വലിയ സംഭാവനകളാണെന്നും CP രാധാകൃഷ്ണൻ പറഞ്ഞു. വേദിയിൽ നാല് പുസ്തകങ്ങളും ഉപരാഷ്ട്രപതി പ്രകാശനം ചെയ്തു.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, മന്ത്രി MB രാജേഷ്, ശശി തരൂർ MP, സച്ചിതാനന്ദ സ്വാമി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

✪✪✪

തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് പ്ലാറ്റിനം ജൂബിലി സമാപന പരിപാടികളിൽ പങ്കെടുക്കുന്നതിനായി ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ വേദിയിൽ എത്തി. ചടങ്ങ് ഉടൻ ആരംഭിക്കും.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി എം ബി രാജേഷ്, ശശി തരൂർ എം പി, കടകംപള്ളി സുരേന്ദ്രൻ എം എൽ എ, തിരുവനന്തപുരം മേയർ വി വി രാജേഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ടെലികോം സുരക്ഷ ശക്തിപ്പെടുത്തുന്നതിന് ടെലികമ്മ്യൂണിക്കേഷൻ വകുപ്പ് പരിവർത്തനാത്മക പരിഷ്കാരങ്ങൾ നടപ്പിലാക്കുകയാണെന്ന് കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ പറഞ്ഞു. ഉപകരണ നിർമ്മാതാക്കൾക്കായി പ്രോ-ടെം സെക്യൂരിറ്റി സർട്ടിഫിക്കേഷൻ സ്കീം രണ്ട് വർഷത്തേക്ക് നീട്ടുന്നതും, ടെലികോം സെക്യൂരിറ്റി ടെസ്റ്റിംഗ് ലബോറട്ടറികൾക്ക് ഫീസ് കുറയ്ക്കുന്നതും പ്രധാന പരിഷ്കാരങ്ങളിൽ ഉൾപ്പെടുന്നുവെന്നും കേന്ദ്രമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ ആക്രമിക്കപ്പെടുന്നു എന്ന പാകിസ്ഥാന്റെ പരാമർശങ്ങളെ തള്ളി വിദേശകാര്യ മന്ത്രാലയം. വിവിധ മതവിഭാഗങ്ങളിൽപ്പെട്ട ന്യൂനപക്ഷങ്ങളോട് പാകിസ്ഥാന്റെ സമീപനം ലോകത്തിന് മുൻപിൽ വസ്തുതയാണെന്നും, മറ്റ് രാജ്യങ്ങൾക്ക് നേരെ വിരൽ ചൂണ്ടുന്നതുകൊണ്ട് ഇത് മറച്ചുപിടിക്കാനാവില്ലെന്നും മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

പുതിയ പൊലീസ് വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് നാളെ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവ്വഹിക്കും. സംസ്ഥാന പൊലീസ് സേനയുടെ കാര്യക്ഷമതയും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന്റെയും കാലഹരണപ്പെട്ട വാഹനങ്ങൾ ഘട്ടം ഘട്ടമായി മാറ്റുന്നതിന്റെയും ഭാഗമായാണ് വിവിധ യൂണിറ്റുകൾക്ക് പുതിയ വാഹനങ്ങൾ വാങ്ങിയത്. നാളെ ഉച്ചയ്ക്ക് S A P പരേഡ് ഗ്രൗണ്ടിലാണ് ഫ്ലാഗ് ഓഫ്.

ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി രവദ ചന്ദ്ര ശേഖർ ഉൾപ്പെടെ മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ സംബന്ധിക്കും.

✪✪✪

ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഖാലിദ സിയ അന്തരിച്ചു. ധാക്കയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്ന്

പുലർച്ചയോടെയായിരുന്നു അന്ത്യം. 80 വയസ്സായിരുന്നു. ബംഗ്ലാദേശി നാഷണലിസ്റ്റ് പാർട്ടി സമൂഹമാധ്യമത്തിലാണ് മരണവിവരം അറിയിച്ചത്.

ബംഗ്ലാദേശിന്റെ ആദ്യ വനിതാ പ്രധാനമന്ത്രിയായിരുന്നു. രണ്ടുതവണ പ്രധാനമന്ത്രിയായിരുന്ന ഖാലിദ സിയ പതിറ്റാണ്ടുകളായി ബംഗ്ലാദേശ് രാഷ്ട്രീയത്തിലെ പ്രമുഖ വ്യക്തികളിൽ ഒരാളായിരുന്നു.

ബീഗം ഖാലിദ സിയയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചിച്ചു. ബംഗ്ലാദേശിന്റെ ആദ്യ വനിതാ പ്രധാനമന്ത്രി എന്ന നിലയിൽ ഇന്ത്യ-ബംഗ്ലാദേശ് ബന്ധങ്ങൾക്ക് അവർ നൽകിയ സംഭാവനകൾ എന്നും ഓർമ്മിക്കപ്പെടുമെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

കോട്ടയം കടുത്തുരുത്തി മുൻ MLA പി.എം.മാത്യു അന്തരിച്ചു. പാലായിലെ സ്വകാര്യ ആശുപത്രിയിൽ പുലർച്ചെയായിരുന്നു 75 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. സംസ്കാരം നാളെ വൈകിട്ട് കടുത്തുരുത്തി സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ നടത്തും.

1991 മുതൽ 96 വരെ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ MLA യായിരുന്നു. ദീർഘകാലം കേരള കോൺഗ്രസ് M-ൽ പ്രവർത്തിച്ച അദ്ദേഹം കഴിഞ്ഞ നാളുകളിൽ UDF ൽ സഹകരിച്ച് പ്രവർത്തിക്കുകയായിരുന്നു.

✪✪✪

കണ്ണൂർ പെരളശ്ശേരി പഞ്ചായത്തിലെ ബാവോട് വാർഡിൽ നിന്ന് വിജയിച്ച UDF അംഗം സുരേഷ് ബാബു തണ്ടാരത്ത് നിര്യാതനായി. 54 വയസ്സായിരുന്നു.

✪✪✪

ആലപ്പുഴയിൽ പക്ഷിപ്പനി പ്രതിരോധത്തിന്റെ ഭാഗമായി ശുചീകരണ ജോലി ആരംഭിച്ചു. പക്ഷികളെ കൊന്നൊടുക്കിയ സ്ഥലങ്ങളിലാണ് ശുചീകരണം. ജില്ലയിൽ മൂന്ന് സ്ഥലങ്ങളിൽ നിന്ന് കൂടി ചത്ത പക്ഷികളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

അതേസമയം, പക്ഷിപ്പനിബാധയെ തുടർന്ന് ഹോട്ടലുകളിൽ കോഴിയിറച്ചിക്ക് നിയന്ത്രണം ഏർപ്പെടുത്തിയതിൽ പ്രതിഷേധിച്ച് ജില്ലയിൽ കേരള ഹോട്ടൽ ആൻഡ് റസ്റ്റോറൻസ് അസോസിയേഷൻ ഇന്ന് ഹോട്ടലുകൾ അടച്ചിട്ട് പ്രതിഷേധിക്കുകയാണ്.

✪✪✪

ബെംഗളൂരുവിൽ ധ്രുവ് എൻജി ഹെലികോപ്റ്ററിന്റെ ഉദ്ഘാടന പറക്കൽ കേന്ദ്ര വ്യോമയാന മന്ത്രി കിഞ്ചരപു റാം മോഹൻ നായിഡു ഇന്ന് ഫ്ലാഗ് ഓഫ് ചെയ്യും. എയ്റോ ഇന്ത്യ ഷോയിൽ HAL പ്രദർശിപ്പിച്ച തദ്ദേശീയ ഹെലികോപ്റ്ററിന്റെ വകഭേദമാണ് അഡ്വാൻസ്ഡ് ലൈറ്റ് ഹെലികോപ്റ്റർ നെക്സ്റ്റ് ജനറേഷൻ ധ്രുവ്.

ടൂറിസം, VIP ഗതാഗതം, ദുരന്ത നിവാരണം, വെള്ളപ്പൊക്ക ദുരിതക്കെടുതികൾ തുടങ്ങിയ കാര്യങ്ങളിൽ നിർണ്ണായക പങ്ക് വഹിക്കാൻ ഈ ഹെലികോപ്റ്ററിന് സാധിക്കും.

✪✪✪

ജമ്മു കശ്മീരിൽ, പുതുവത്സരാഘോഷങ്ങൾ സുരക്ഷിതമായി നടത്തുന്നത് ഉറപ്പാക്കുന്നതിന് സുരക്ഷാ സേന പരിശോധനയും നിരീക്ഷണവും ശക്തമാക്കി. പ്രവേശന കവാടങ്ങളിൽ അധിക ചെക്ക്പോസ്റ്റുകൾ വിന്യസിച്ചിട്ടുണ്ട്.

രഹസ്യാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ, ജമ്മു കശ്മീർ പോലീസിന്റെ സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ്, പൂഞ്ച് ജില്ലയിലെ ഗോഹ്ലെഡ് ഗ്രാമത്തിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ ഒരു ഡ്രോൺ കണ്ടെടുത്തു. സംഭവത്തിൽ അന്വേഷണം ആരംഭിച്ചു. ഉധംപൂർ ജില്ലയിൽ സുരക്ഷാ സേന ഒരു റൈഫിളും കണ്ടെടുത്തിട്ടുണ്ട്.

✪✪✪

84 -ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസ് വൈകിട്ട് തലശ്ശേരിയിൽ സമാപിക്കും. വിവിധ വിഷയങ്ങളിലെ പാനൽ ചർച്ചകളാണ് കഴിഞ്ഞ രണ്ടു ദിവസം പൂർത്തിയായത്. പ്രാചീന-മധ്യകാല-ആധുനിക-സമകാലിക ഇന്ത്യ, പുരാവസ്തു പഠനം, ഇന്ത്യക്ക് പുറമെയുള്ള രാജ്യങ്ങൾ എന്നീ വിഷയങ്ങളിൽ നടന്ന പാനൽ ചർച്ചകൾ ചരിത്രത്തിന്റെ പുനർവായനക്ക് അവസരമൊരുക്കി. പ്രാചീന ഭാരതം എന്ന വിഭാഗത്തിൽ ജാദവ്പൂർ സർവ്വകലാശാല പ്രൊഫസർ നൂപുർ ഗുപ്ത സംസാരിച്ചു. പ്രാദേശിക പാനൽ സെഷനിൽ ഉൾപ്പെടുത്തി സിനിമാ ചരിത്രവും ചർച്ച ചെയ്തു.

ഇന്ത്യൻ ചരിത്ര കോൺഗ്രസിന്റെ സമാപന സമ്മേളനം വൈകീട്ട് ശതോത്തര രജത ജൂബിലി ഹാളിൽ നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ ഉദ്ഘാടനം ചെയ്യും.

✪✪✪

മകരവിളക്ക് മഹോത്സവത്തിനായി ശബരിമല നട വൈകിട്ട് തുറക്കും. ഇന്ന് പൂജകളൊന്നും ഉണ്ടാവില്ല. നാളെ പുലർച്ചെ മുതൽ പൂജകൾ ആരംഭിക്കും.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ ......

........ (വോയ്സ് )......

✪✪✪

ശബരിമല സ്വർണ്ണക്കവർച്ചാ കേസ് അന്വേഷിക്കുന്ന പ്രത്യേക അന്വേഷണ സംഘത്തെ വിപുലീകരിക്കാൻ ഹൈക്കോടതി അനുമതി നൽകി. അന്വേഷണ സംഘത്തിൽ 2 സിഐമാരെ കൂടി ഉൾപ്പെടുത്താനാണ് തീരുമാനം. S I T യുടെ ആവശ്യം അംഗീകരിച്ച് കേരള ഹൈക്കോടതിയുടെ അവധിക്കാല ബെഞ്ചാണ് അനുമതി നൽകിയത്.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ളക്കേസിൽ തമിഴ്നാട് ഡിണ്ടിഗൽ സ്വദേശിയായ വ്യവസായി D.മണി എന്ന MS മണി പ്രത്യേക അന്വേഷണ സംഘത്തിന് മുന്നിൽ ഹാജരായി. തിരുവനന്തപുരം ക്രൈംബ്രാഞ്ച് ഓഫീസിലാണ് D മണി ഹാജരായത്. മണിയുടെ സുഹൃത്ത് ബാലമുരുകനും ക്രൈംബ്രാഞ്ച് ഓഫീസിൽ ചോദ്യം ചെയ്യലിനായി ഹാജരായി.

✪✪✪

ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി- 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തെയും, അവസാനത്തെയും മത്സരം വൈകിട്ട് തിരുവനന്തപുരത്ത്. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിനാണ് മത്സരം.

അഞ്ച് പരമ്പരയിലെ ആദ്യ മൂന്ന് മത്സരത്തിലും വിജയിച്ച് ഇന്ത്യ നേരത്തെ പരമ്പര സ്വന്തമാക്കിയിരുന്നു.

✪✪✪

2026 ൽ നടക്കുന്ന ഫിഫ വേൾഡ് കപ്പ് കാണുന്നതിനായി 150 ദശ ലക്ഷത്തോളം ടിക്കറ്റ് അപേക്ഷകൾ ലഭിച്ചതായി ഫിഫ വ്യക്തമാക്കി. മെക്സിക്കോ, കാനഡ, യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നിവിടങ്ങളിലായാണ്

മത്സരം നടക്കുന്നത്. 48 ടീമുകൾ പങ്കെടുക്കുന്ന 104 മത്സരങ്ങളിൽ ആദ്യത്തേത് 2026 ജൂൺ 11 ന് ആരംഭിക്കും. ഫൈനൽ മത്സരം ജൂലൈ 19 നാണ് നടക്കുക.

✪✪✪

കാലിക്കറ്റ് സർവകലാശാലാ ഇന്റർ കോളേജ് അത്‌ലറ്റിക് മീറ്റിന് നാളെ കുന്ദംകുളത്ത് തുടക്കമാവും. കുന്ദംകുളം ബോയ്‌സ് ഹയർ സെക്കന്ററി സ്കൂളിൽ നടക്കുന്ന മീറ്റിൽ പുരുഷ, വനിതാ, ട്രാൻസ്‌ജെൻഡർ വിഭാഗങ്ങളിലായി 48 ഇനങ്ങളിലാണ് മത്സരം.

✪✪✪

മഹാരാഷ്ട്രയിലെ റോഹായിൽ ആറാമത് ദേശീയ മിക്സ് ബോക്സിങ്ങിൽ 360 പോയിന്റുമായി കേരളം ഓവർ ഓൾ ചാമ്പ്യൻമാരായി. 345 പോയിന്റുമായി മഹാരാഷ്ട്ര രണ്ടും, 280 പോയിന്റുമായി കർണ്ണാടക മൂന്നും സ്ഥാനങ്ങൾ നേടി.

✪✪✪

2025-26 വർഷത്തെ വൈകിയ ആദായ നികുതി റിട്ടേണുകളും, പുതുക്കിയ റിട്ടേണുകളും നൽകാൻ സമയ പരിധി നാളെ അവസാനിക്കും. വൈകി ഫയൽ ചെയ്യുന്നവർ ലേറ്റ് ഫീ അടയ്ക്കണം.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: സബിത കെ*
*NRTs : നിമിഷ ജി , മണികണ്ഠൻ*
*DEO : ഷീബ*